# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 12, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |

## ക്രമസമാധാനം

*151 ശ്രീ. എസ്. രാജേന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി. ശിവൻകുട്ടി
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളുടെ സൈ്വര്യജീവിതം തകരാറിലാകാനിടയായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ക്രമസമാധാനനില സംബന്ധിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയതെപ്പോഴാണ്;

(ബി) ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കാത്തതിനാൽ ജനങ്ങൾ പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ ഭയവിഹ്വലരായി കഴിയുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൊലചെയ്യപ്പെട്ട ആൾ ആരാണെന്നറിയാൻപോലും സാധിക്കാത്ത കേസുകൾ ഉണ്ടായിട്ടുണ്ടോ;

(സി) ഭരണ സിരാകേന്ദ്രത്തിനടുത്ത് നടന്നതുൾപ്പെടെയുള്ള വൻകൊള്ളകളിലെ ഇപ്പോഴും പിടികിട്ടാത്ത പ്രതികൾ എത്രയാണ്;

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

(ഡി) ഇതെല്ലാം ജനങ്ങളിൽ എത്രത്തോളം അരക്ഷിതാവസ്ഥ ഉണ്ടാക്കിയതായിട്ടുണ്ട് ?

# കേരള നിയമസഭ
## 12.02.2013–ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ സൃഷ്ടിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ</u>

T *152 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ കരാർ ജോലിക്ക് എത്തുന്ന തൊഴിലാളികൾ സൃഷ്ടിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ള കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സിനിമാ തിയേറ്ററുകളുടെ നവീകരണം</u>

*153 ശ്രീ. കെ. മുരളീധരൻ
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സിനിമാ തിയേറ്ററുകൾ നവീകരിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്;വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പൊതുസ്വത്തുക്കളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി</u>

*154 ശ്രീ. പി. കെ. ബഷീർ
,, റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുസ്വത്തുക്കളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അതതുവകുപ്പിന്റെ വെബ്സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വകുപ്പിന്റെയും കീഴിലുള്ള കെട്ടിടങ്ങൾ, ഭൂമി (പാട്ടത്തിനു നൽകിയിട്ടുള്ളവ ഉൾപ്പെടെ), വനം, കുളങ്ങൾ, തടാകങ്ങൾ, നദികൾ, കനാലുകൾ എന്നിവയുൾപ്പെടെയുള്ള എല്ലാ പൊതുസ്വത്തുക്കളുടെയും വില്ലേജ് അടിസ്ഥാനമാക്കിയുള്ള വിശദവിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചു സൂക്ഷിക്കുകയും, ഒപ്പം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതിനു നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 12.02.2013–ലെ മറുപടിക്ക്

<u>പ്രഖ്യാപിത മദ്യനയത്തിൽ അടിക്കടി ഉണ്ടാകുന്ന മാറ്റം</u>

*155 ശ്രീ. ബാബു എം. പാലിശ്ശേരി
,, പി.കെ. ഗുരുദാസൻ
,, സി. കൃഷ്ണൻ
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൽ എത്ര തവണ മാറ്റം വരുത്തുകയുണ്ടായി; ഒടുവിലത്തെ പ്രഖ്യാപിത മദ്യനയത്തിന് ഇപ്പോൾ പ്രാബല്യമുണ്ടോ;

(ബി) നയം മാറ്റേണ്ടിവരുന്ന സാഹചര്യം വിശദമാക്കാമോ; വീണ്ടും മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) സ്റ്റാർ ഹോട്ടലുകളുടെ ബാർലൈസൻസ് സംബന്ധിച്ച കേസിൽ പ്രഖ്യാപിത നയത്തിനനുസരിച്ച് ഹൈക്കോടതിയിൽ സർക്കാരിനുവേണ്ടി വാദിക്കുകയുണ്ടായോ; കേസിൽ തോറ്റുപോകാനിടയായ സാഹചര്യം എന്തായിരുന്നു;

(ഡി) പ്രഖ്യാപിത നയത്തിന് വിരുദ്ധമായി എത്ര ബാറുകൾക്ക് അനുമതി നൽകുകയുണ്ടായി;

# കേരള നിയമസഭ
## 12.02.2013–ലെ മറുപടിക്ക്

<u>തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിൽ<br>ഇ–ടെൻഡർ സംവിധാനം</u>

*156 ശ്രീ. എം. പി. വിൻസെന്റ്
,, പി. എ. മാധവൻ
,, കെ. അച്ചുതൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിൽ ഇ–ടെൻഡർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കരാറുകാർ തമ്മിലുള്ള അവിഹിത കൂട്ടുകെട്ടും അഴിമതിയും ഒഴിവാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) എന്തെല്ലാം കരാറുകളാണ് പ്രസ്തുത സംവിധാനം മുഖേന നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വിദേശ ജയിലുകളിൽ കഴിയുന്ന കേരളത്തിലെ</u>
<u>മത്സ്യത്തൊഴിലാളികളുടെ മോചനത്തിന് നടപടി</u>

*157 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനായി കടലിൽ പോയ കേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ ആരെങ്കിലും വിദേശ ജയിലുകളിൽ കഴിയുന്നുണ്ടോ; എങ്കിൽ എത്ര പേർ; ഇവർ ഏതെല്ലാം രാജ്യങ്ങളിൽ ഏതെല്ലാം ജയിലുകളിൽ എത്ര കാലമായി കഴിഞ്ഞു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മത്സ്യത്തൊഴിലാളികളുടെ പേരിൽ ആരോപിക്കപ്പെട്ടിട്ടുളള കുറ്റകൃത്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവരെ മോചിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികളുണ്ടോ; എങ്കിൽ ഇവർക്കു വേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.02.2013–ലെ മറുപടിക്ക്

<u>ഓൺലൈൻ എക്സാമിനേഷൻ സംവിധാനം</u>

*158 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരീക്ഷാസമ്പ്രദായങ്ങളിൽ സമൂലമാറ്റത്തിന് പി.എസ്.സി. എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തുവാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി കസ്റ്റ്യൻ ബാങ്ക് കം ഓൺലൈൻ എക്സാമിനേഷൻ സംവിധാനം തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 12.02.2013–ലെ മറുപടിക്ക്

ഡീസൽവില വർദ്ധനവുമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

*159 ശ്രീ. ജി. എസ്. ജയലാൽ
,, വി. എസ്. സുനിൽകുമാർ
,, കെ. അജിത്
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വില നിയന്ത്രണ എടുത്തുകളഞ്ഞതുമൂലമുണ്ടായ ഡീസൽവില വർദ്ധന സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും ഏതുവിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കേരളതീരത്ത് ആകെ എത്ര ഡീലർ പമ്പുകളും കൺസ്യൂമർ പമ്പുകളും പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ വില നിയന്ത്രണത്തിനു മുമ്പ് ഡീസലിനുണ്ടായിരുന്ന വിലയും ഇപ്പോഴത്തെ വിലയും താരതമ്യം ചെയ്യുമോ;

(സി) മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പോലീസുകാർ ഉൾപ്പെട്ട സദാചാരപോലീസ്</u>

*160 ശ്രീ. ആർ. രാജേഷ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ. എം. ആരിഫ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബീച്ചിൽ ഭർത്താവിനോടൊപ്പം ഇരുന്ന യുവതി സിന്ദൂരം തൊട്ടിട്ടില്ലെന്ന കാരണം പറഞ്ഞ് ഇരുവരെയും പോലീസ് അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പോലീസുകാർ തന്നെ സദാചാരപോലീസ് ചമയുന്നതു വർദ്ധിച്ചുവരുന്നത് സർക്കാരിനറിയാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുവരുന്ന സാഹചര്യമെന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) പോലീസുകാർ തന്നെ സദാചാരപോലീസ് ചമഞ്ഞതു സംബന്ധിച്ച എത്ര കേസ്സുകൾ നിലവിലുണ്ട്;

(ഇ) പോലീസിന്റെ ഭാഗത്തുനിന്ന് ഇത്തരം നടപടികൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുമോ;

(എഫ്) ഇത്തരക്കാരെ നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തൊട്ടാകെ നിരീക്ഷണ ക്യാമറ നെറ്റ് വർക്ക് സംവിധാനം</u>

*161 ശ്രീ. ഷാഫി പറമ്പിൽ
,, ബെന്നി ബഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന പരിപാലനത്തിനായി സംസ്ഥാനത്തൊട്ടാകെ നിരീക്ഷണ ക്യാമറ നെറ്റ്വർക്ക് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത സംവിധാനം എവിടെയെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013–ലെ മറുപടിക്ക്

<u>വര്‍ദ്ധിച്ചുവരുന്ന മദ്യാസക്തി</u>

*162 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജി. സുധാകരന്‍
,, രാജു എബ്രഹാം
ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വര്‍ദ്ധിച്ചുവരുന്ന മദ്യാസക്തിയേയും അതുമൂലമുണ്ടാകുന്ന സാമൂഹ്യവിപത്തിനേയും കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) മദ്യപാനംമൂലം തകര്‍ന്നുപോയ കുടുംബങ്ങളെ സംബന്ധിച്ച എന്തെങ്കിലും കണക്കു ലഭ്യമാണോ; ജനസംഖ്യയുടെ എത്ര ശതമാനം മദ്യപാനികളാണെന്നറിയാമോ;

(സി) മദ്യപാനംമൂലം മരണപ്പെടുകയും മാരകരോഗികളായിത്തീരുകയും ചെയ്തവരെക്കുറിച്ചുള്ള കണക്കുകള്‍ ലഭ്യമാണോ;

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>എയർ കേരള പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മീഷൻ</u>

*163 ശ്രീ. റ്റി.എ.അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ കേരള പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിനായി സർക്കാർ ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ അന്വേഷണ വിഷയത്തെ സംബന്ധിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ നാളിതുവരെ എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013–ലെ മറുപടിക്ക്

<u>ആധാർ കാർഡ് അടിസ്ഥാനരേഖയാക്കൽ</u>

*164 ശ്രീ. സി. കെ. സദാശിവൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ബി. സത്യൻ
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കോളർഷിപ്പുകളും ക്ഷേമപെൻഷനുമടക്കം സർക്കാർ ആനുകൂല്യങ്ങൾക്ക് ആധാർ നമ്പർ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ബി) ആധാർ കാർഡ് അടിസ്ഥാന രേഖയാക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ, പാവപ്പെട്ടവർക്കുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ചിട്ടുണ്ടോ;

(സി) ആധാർ കാർഡ് സംബന്ധിച്ച കാര്യങ്ങൾ പാർലമെന്റ് നിയമമാക്കിയതായി അറിവുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സാമുദായികസ്പര്‍ദ്ധ</u>

*165 ശ്രീ. എളമരം കരീം
,, എം. ചന്ദ്രന്‍
,, ജെയിംസ് മാത്യു
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സാമുദായികസ്പര്‍ദ്ധ വര്‍ദ്ധിച്ചുവരുന്നു എന്ന വിമര്‍ശനം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സമുദായങ്ങള്‍ തമ്മില്‍ അവിശ്വാസം വര്‍ദ്ധിക്കാനിടയാക്കിയ നടപടികള്‍ എന്തായിരുന്നുവെന്ന് വിലയിരുത്തുകയുണ്ടായോ; വിശദമാക്കുമോ;

(സി) വര്‍ഗ്ഗീയപ്രീണനനയം അവസാനിപ്പിക്കുന്നതിനും, സാമുദായിക സൗഹാര്‍ദ്ദം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടി</u>

*166 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന എല്ലാ മേജർ പ്രോജക്ടുകളുടെയും പ്രവർത്തനപുരോഗതി വിലയിരുത്താൻ മാത്രം ചുമതലപ്പെട്ട ഒരു കേന്ദ്രീകൃത സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; എങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) സമയപരിധി നിശ്ചയിച്ച് ആരംഭിക്കുന്ന പദ്ധതികൾ ബഹുഭൂരിപക്ഷവും ഉദ്ദേശിച്ച സമയപരിധിയിൽ പൂർത്തിയാകാതെ സംസ്ഥാനത്തിന് അധിക ബാദ്ധ്യത വരുത്തിവയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അങ്ങനെ സംഭവിക്കാൻ ഇടയാക്കുന്ന പൊതുവായകാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന മദ്യത്തിന്റെ ഗുണനിലവാരവും വിലയും</u>

*167 ശ്രീ. ബി. ഡി. ദേവസ്സി
,, പുരുഷൻ കടലുണ്ടി
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന മദ്യത്തിന്റെ വീര്യം കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ വിതരണം ചെയ്യുന്ന മദ്യങ്ങളുടെ വീര്യം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ ഗുണനിലവാരവും വിലയും നിർണ്ണയിക്കുന്നതിനുള്ള സംവിധാനം എന്താണ്; ഇവ ഫലപ്രദമാണെന്നു കരുതുന്നുണ്ടോ;

(ഡി) ഏറ്റവും അവസാനമായി മദ്യോല്പാദനകമ്പനികൾക്ക് വിലയിൽ എത്ര ശതമാനം വർദ്ധന നൽകുകയുണ്ടായി; കഴിഞ്ഞ രണ്ടുവർഷം കൂടുതൽ മദ്യം വിതരണം ചെയ്ത കമ്പനികൾ ഏതൊക്കെയാണ്; വില കൂട്ടി നൽകിയതു വഴി ഇവർക്കുണ്ടായ അധികനേട്ടം എത്രയാണെന്നു വിശദമാക്കുമോ;

(ഇ) ഏതു തലത്തിലാണ് വില വർദ്ധിപ്പിക്കാൻ അന്തിമമായി തീരുമാനമെടുത്തത് ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

**അന്യം നിന്ന സസ്യജാലങ്ങൾ സംരക്ഷിക്കുന്നതിന് കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതി**

*168 ശ്രീ. ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്യം നിന്ന സസ്യജാലങ്ങൾ സംരക്ഷിക്കുന്നതിന് കെ.എസ്.ബി.ബി. എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇത് പ്രകാരം സസ്യജാലങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**12.02.2013-ലെ മറുപടിക്ക്**

<u>മണ്ണെണ്ണ ക്ഷാമം</u>

*169 ശ്രീ. സി. മമ്മൂട്ടി
'' പി. ബി. അബ്ദുൾ റസാക്
'' അബ്ദുറഹിമാൻ രണ്ടത്താണി
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയെ തളർത്തുന്ന മണ്ണെണ്ണ ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിതരണത്തിലെ ക്രമക്കേടും, കരിഞ്ചന്തയും മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണയുടെ അളവ് കൂട്ടുന്നതിനും വിതരണം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ആദ്യകാല മലയാളസിനിമൾക്ക് ഡിജിറ്റൽ സംരക്ഷണം

*170 ശ്രീ. സി. പി. മുഹമ്മദ്
,, വി. പി.സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദ്യകാല മലയാള സിനിമകൾക്ക് ഡിജിറ്റൽ സംരക്ഷണം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ആദ്യകാല മലയാള സിനിമകൾ പുതുതലമുറയ്ക്ക് ലഭ്യമാക്കുന്നതിനും പഠനഗവേഷണങ്ങൾക്കുമായി ഉപയോഗിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ഇന്ത്യാബേസ്ഡ് ന്യൂട്രിനോ ഒബ്സർവേറ്ററി

*171 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എൻ. എ. ഖാദർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടത്തിന്റെ തമിഴ്നാട് ഭാഗത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇന്ത്യബേസ്ഡ് ന്യൂട്രിനോ ഒബ്സർവേറ്ററി സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിമൂലം സംസ്ഥാനത്തിന്റെ പരിധിയിലെ പർവ്വതപ്രദേശങ്ങൾക്ക് എന്തെങ്കിലും പ്രത്യാഘാതം ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ;

(സി) ഏതെങ്കിലും പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കൽ വേണ്ടിവരുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ ശാസ്ത്രീയ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഈ പദ്ധതി സഹായകരമാവുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) പദ്ധതിയിൽ സംസ്ഥാനം ഏതെങ്കിലും വിധത്തിൽ പങ്കാളിയാകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കായികരംഗത്തെ നവീകരണം</u>

*172 ശ്രീ. റ്റി.യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായികരംഗം മെച്ചപ്പെടുത്തുന്നതിനും അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ;

(ബി) കായികരംഗത്ത് മികവ് പുലർത്തുന്ന താരങ്ങൾക്ക് നല്കുന്ന സാമ്പത്തിക സഹായങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും കേന്ദ്ര സർക്കാർ നൽകുന്നതുപോലെ പ്രത്യേക അവാർഡുകൾ ഇത്തരം പ്രതിഭകൾക്ക് കേരളപ്പിറവി ദിനത്തിൽ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കടൽക്കാറ്റിൽ നിന്ന് വൈദ്യുതി</u>

*173 ശ്രീ. വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽക്കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ തുറമുഖ വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി മുഖേന ഉല്പാദിപ്പിക്കുന്ന വൈദ്യുതി തുറമുഖ പ്രവർത്തനങ്ങൾക്കും മത്സ്യമേഖലയിലും എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കാട്ടുതീ നിയന്ത്രിക്കുന്നതിന് മുൻകരുതൽ</u>

*174 ശ്രീ. എൻ. ഷംസുദ്ദീൻ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിൻകുട്ടി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ വർഷത്തെ കടുത്ത വരൾച്ച വനമേഖലയിലെ തടാകങ്ങളിലെ ജലസമ്പത്തിലുണ്ടായിട്ടുള്ള കുറവ്, അടിക്കാട്, മുളങ്കാട് പുൽമേട് എന്നിവ വേനൽകാലാരംഭത്തിനുമുമ്പ് തന്നെ കരിഞ്ഞുണങ്ങിയ അസാധാരണ സ്ഥിതിവിശേഷം എന്നിവ ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ കാട്ടുതീ നിയന്ത്രിക്കുന്നതിന് പ്രത്യേക മുൻകരുതൽ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മെട്രോ പൊളിറ്റൻ പോലീസ് കമ്മീഷണറേറ്റ്</u>

*175 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മെട്രോപൊളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഈ സംവിധാനംവഴി പോലീസ് കമ്മീഷണർമാർക്ക് വിപുലമായ എന്തെല്ലാം അധികാരങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

## കേസുകളുടെ പുനരന്വേഷണം

*176 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എളമരം കരീം
,, കെ. വി. അബ്ദുൾ ഖാദർ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും പോലീസ് കേസുകളുടെ പുനരന്വേഷണ തീരുമാനത്തിനു പിന്നിൽ ഗൂഢാലോചനകൾ നടന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നീതിപീഠത്തിന്റെ സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമായ ഏതെങ്കിലും കേസുകൾ വർഷങ്ങൾക്കുശേഷം പുനരന്വേഷിക്കുന്നുണ്ടോ; എങ്കിൽ പുനരന്വേഷണത്തിന്റെ പിന്നിൽ ഗൂഢാലോചന എന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷിക്കുമോ ;

(സി) പുനരന്വേഷണങ്ങൾ നടത്തി, രാഷ്ട്രീയ അഭിപ്രായവ്യത്യാസമുള്ളവരെ കരിനിഴലിൽ നിർത്തി രാഷ്ട്രീയ ലാഭം ഉണ്ടാക്കാൻ പോലീസിനെ ഉപയോഗപ്പെടുത്തുന്ന നടപടികളെ നിരുത്സാഹപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം</u>

*177 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കടൽതീരങ്ങളിൽ വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അത് നിർത്തലാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാർ ഇത് നിർത്തലാക്കുവാൻ നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പോലീസ് ലോക്കപ്പിലെ മൂന്നാംമുറ പ്രയോഗവും അനുബന്ധ കേസുകളും</u>

*178 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. കെ. നാരായണൻ
,, എം. ഹംസ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ലോക്കപ്പിൽ പ്രാകൃതമായ മൂന്നാംമുറ പ്രയോഗിച്ചുവരുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ലോക്കപ്പുകളിലാണ് ഹീനമായ പീഡനമുറകൾ നടത്തിയതായ വിവരങ്ങൾ പുറത്തുവന്നിരിക്കുന്നത്;

(സി) മൂന്നാംമുറയ്ക്ക് ഇരയാക്കിയതിന്റെ പേരിൽ ഏതെല്ലാം പോലീസുദ്യോഗസ്ഥൻമാർക്കെതിരെ കോടതി കേസെടുത്തിട്ടുണ്ട്;

(ഡി) കള്ളമൊഴികൾ ഉണ്ടാക്കി അതിന്റെയടിസ്ഥാനത്തിൽ പഴയ കേസുകൾ പുനരന്വേഷണത്തിന് വിടാൻ നടത്തുന്നതുൾപ്പെടെയുള്ള ഗൂഢാലോചനകളേയും ലോക്കപ്പ് മർദ്ദനങ്ങളേയും കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ ?

# കേരള നിയമസഭ
## 12.02.2013–ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യക്കൃഷി വികസനത്തിന് സമഗ്രപദ്ധതി</u>

*179 ശ്രീ. എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഉൾനാടൻ മത്സ്യക്കൃഷി വികസനത്തിനുവേണ്ടി സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുവാനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്?

# കേരള നിയമസഭ
# 12.02.2013–ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലിസ് കേഡറ്റ് പദ്ധതി</u>

*180 ശ്രീ. പാലോട് രവി
,, വര്‍ക്കല കഹാര്‍
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എടുത്തിട്ടുള്ള നടപടികള്‍ എന്തെല്ലാം ;

(ബി) വിദ്യാര്‍ത്ഥികളുടെ നേതൃത്വശേഷിയും കര്‍മ്മശേഷിയും ആത്മവിശ്വാസവും വര്‍ദ്ധിപ്പിക്കാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് എസ്. പി. സി. വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളെയും തദ്ദേശഭരണസ്ഥാപനങ്ങളെയും ഈ പദ്ധതിക്കുവേണ്ടി പ്രയോജനപ്പെടുത്തുമോ ; വിശദമാക്കുമോ;

(ഡി) എന്തെല്ലാം പ്രോത്സാഹനങ്ങളാണ് വിദ്യാഭ്യാസരംഗത്തും പോലീസ് സേന തെരഞ്ഞെടുപ്പിലും ഇവര്‍ക്ക് ലഭിക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരന്‍,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഫെബ്രുവരി 3.

“T” ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.